തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ കെ. കൊച്ചുകുട്ടൻ) :

(എ) ഈ ബഡ്ജറ്റവർഷത്തിൽ കോളജുകളിൽ പഠിക്കുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ട്. മറ്റു പിന്നാക്കസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെയെല്ലാം ലിസ്റ്റ് ലഭിച്ചിട്ടില്ല.

(ബി) ഹൈസ്കൂളുകളിൽ പഠിക്കുന്ന പട്ടിജാതിയിലും മറ്റു പിന്നാക്കസമുദായത്തിലുംപെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് ഗവണ്മെന്റിനു ലഭിച്ചിട്ടില്ല.

(സി) ഓരോ കോളജുകളിലും പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളും എത്രയെന്നു കാണിക്കുന്ന പട്ടിക മേശമേൽ വയ്ക്കുന്നു. †

(ഡി) ഇവർക്കു നേരത്തേകൂട്ടി സ്റ്റൈപ്പൻഡും മറ്റു സാമ്പത്തിക സഹായവും നൽകുവാൻ ഗവണ്മെന്റ് ശ്രദ്ധിക്കുന്നുണ്ട്.

(ഇ) ഹൈസ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന നിർദ്ധനരായ മറ്റു പിന്നാക്കസമുദായ വിദ്യാർത്ഥികൾക്കും അവശക്രിസ്ത്യൻ വിദ്യാർത്ഥികൾക്കും മുഴുവൻ ഫീസുസൗജന്യവും, പട്ടികജാതിയിലും കുടുംബി സമുദായത്തിലുംപെട്ട വിദ്യാർത്ഥികൾക്കു ഹൈസ്കൂൾ ക്ലാസ്സുകളിൽ മുഴുവൻ ഫീസ്സൗജന്യത്തിനു പുറമേ പുസ്തകവും വസ്ത്രവും വാങ്ങാൻ 40 രൂപ വീതം പ്രതിവർഷ ഗ്രാന്റും, കോളേജുക്ലാസ്സുകളിൽ മുഴുവൻഫീസ് സൗജന്യത്തിനു പുറമേ പുസ്തകവും വസ്ത്രവും വാങ്ങാൻ പ്രതിവർഷ ഗ്രാന്റും ആഹാരാവശ്യത്തിനു പ്രതിമാസസ്റ്റൈപ്പൻഡും നൽകുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു ഹൈസ്കൂൾ ക്ലാസ്സുകളിൽ മുഴുവൻ ഫീസ് സൗജന്യത്തിനു പുറമേ പുസ്തകവും വസ്ത്രവും വാങ്ങാൻ 15 രൂപാവീതം പ്രതിവർഷഗ്രാന്റും ആഹാരാവശ്യത്തിനും മറ്റും 7 രൂപവീതം പ്രതിമാസസ്റ്റൈപ്പൻഡും, കോളേജു ക്ലാസ്സുകളിൽ മുഴുവൻ ഫീസ്സൗജന്യത്തിനു പുറമേ ആഹാരാവശ്യങ്ങൾക്കും മറ്റും പ്രതിമാസസ്റ്റൈപ്പൻഡും പുസ്തകവും വസ്ത്രവും വാങ്ങാൻ പ്രതിവർഷഗ്രാന്റും നൽകുന്നു.

STARRED QUESTIONS POSTED FOR ANSWER ON 17-10-1955.

പ്രൈവറ്റ് സെക്കൻഡറി സ്കൂളദ്ധ്യാപകന്മാർക്കുള്ള ശമ്പളവും അലവൻസും.

✻ 906. [44] ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് സെക്കൻഡറി സ്കൂളദ്ധ്യാപകന്മാർക്ക് ഗവണ്മെന്റ് സെക്കൻഡറി സ്കൂളദ്ധ്യാപകന്മാരുടെ ശമ്പളവും അലവൻസും ഏപ്രിൽ 1-ാം തു- മുതൽ കൊടുക്കുന്നതാണെന്ന് ഗവണ്മെന്റ് പ്രഖ്യാപിച്ചിരുന്നല്ലേ;

(ബി) അതനുസരിച്ച് ഏപ്രിൽ 1-ാംതീയതി മുതൽ ശമ്പളം കൊടുക്കുന്നതിനു ഗവണ്മെന്റ് എന്തു നടപടികൾ സ്വീകരിച്ചു;

† Please See Appendix XIX.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെങ്കിലും സ്കൂളിൽ പുതിയ ശമ്പളവും അലവൻസും കൊടുത്തിട്ടുണ്ടോ ;

(ഡി) പ്രൈവറ്റ് സെക്കൻഡറിസ്കൂൾ അദ്ധ്യാപകന്മാരെ പ്രൊവിഡൻറ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) സക്കാർ സർവ്വീസിലുള്ള രണ്ടാംഗ്രേഡ് ഗ്രാഡുവേറ്റ് അദ്ധ്യാപകരുടേയും, അണ്ടർ ഗ്രാഡുവേറ്റ് അദ്ധ്യാപകരുടേയും ശമ്പള സ്കെയിലുകളും പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്കും 1955 ഏപ്രിൽ 1–ാം തീയതിമുതൽ കൊടുക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഡീയർനസ് അലവൻസ് സംബന്ധിച്ച് ഒന്നുംതന്നെ പ്രഖ്യാപിച്ചിട്ടില്ല.

(ബി) ഇത് ലേയ്ക്ക് വേണ്ട സത്വരനടപടികളും എടുത്തുവരുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഉണ്ട്.

ഡവലപ്പുമെൻറ് പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന സംഖ്യ.

* 907 [46] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡവലപ്പുമെൻറ് പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന സംഖ്യ ലാപ്സാകാതെ മുഴുവനും ചെലവുചെയ്യുന്നതിന് ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയിൽ കൊള്ളിച്ചിരിക്കുന്ന സംഖ്യ ചെലവാക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റുകളും മറ്റും തയ്യാറാക്കുന്നതിന് ആവശ്യത്തിന് സ്റ്റാഫ് ഉണ്ടോ ;

(സി) ഇതു പരിഹരിക്കുന്നതിന് ആവശ്യമായ കൂടുതൽ സ്റ്റാഫിനെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഈ ആണ്ടിൽ ചെയ്യുതീർക്കേണ്ട ജോലികൾ ഈ ആണ്ടിൽത്തന്നെ ചെയ്തുതീർക്കേണ്ടതാണെന്ന് ഗവൺമെൻറ് കരുതുന്നുവെന്നും, ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാർ അതിൽ ശ്രമശീലരായിരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അപ്പോഴപ്പോൾ വേണ്ടിവരുന്ന സ്റ്റാഫിനെ നിയമിച്ചുവരുന്നുണ്ട്.

പിന്നാക്കസമുദായ വിദ്യാർത്ഥികളുടെ ഫീസ് സൗജന്യം.

* 908. [48] ശ്രീ. പി. എം. മക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിയിൽപ്പെടാത്തവരായുള്ള പിന്നാക്കസമുദായ വിദ്യാർത്ഥികളുടെ ഫീസ് സൗജന്യത്തിനും മറ്റുമായി 1953–54–ൽ അനുവദിച്ചിരുന്ന തുക എത്ര ;

LIBRARY ARCHIVES Kerala Legislative Assembly